രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം, അദ്ദേഹത്തിന് രേഖാമൂല മുള്ള ഒരു ഉത്തവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറ് രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

എന്നാൽ അത്തരം ഒരു ശിക്ഷ ചുമത്തുന്നതിനുമുമ്പ് ഒന്നാം അപ്പീൽ അധികാരിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(3) നിയുക്ത ഉദ്യോസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ ഈ ആക്ട് പ്രകാരം അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോദ്ധ്യമായി എങ്കിൽ അയാൾക്കെതിരെ അയാൾക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

സേവനാവകാശ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച്

11 (6156) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം പ്രകാരം ഓരോ വകുപ്പിലും എത്ര അപേക്ഷവീതമാണ് നിയമപ്രകാരം തീർപ്പാക്കിയത് ;

(ബി) ഈ നിയമ പ്രകാരം ഓരോ വകുപ്പിലും എത്ര പേരെ വീതം ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ജനസമ്പർക്ക പരിപാടി

12 (6157) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസമ്പർക്ക പരിപാടികളിലൂടെ എത്ര പേർക്കാണ് സാമ്പത്തിക ആനുകൂല്യം നൽകിയത് ;

(ബി) സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഒന്നാംഘട്ട ജനസമ്പർക്കപരിപാടിയിൽ 50962 പേർക്കും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ നാളിതുവരെ 25953 പേർക്കും സാമ്പത്തിക ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നതിലേക്കായി ലഭ്യമായ അപേക്ഷകൾ വില്ലേജ് തലത്തിൽ അന്വേഷണം നടത്തി ബന്ധപ്പെട്ട മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly